# സങ്കീർത്തനങ്ങൾ



# PSALMS

# സങ്കീർത്തനങ്ങൾക്ക് ആമുഖം

സാഹിത്യരൂപങ്ങൾ പദ്യം, ഗദ്യം, ചൊല്ലുകൾ എന്നിവയാണ്.

ഗാനരൂപത്തെ ഹീബ്രുഭാഷയിൽ ഷീർ എന്നു വിളിക്കും.

ആരാധനാനുഷ്ഠാനത്തിൽ ആലപിക്കപ്പെടുന്ന ദൈവസ്തുതിപ്പുകളെന്ന നിലയിൽ അനുഷ്ഠാനഗീതങ്ങളാണ് (cultic songs) സങ്കീർത്തനങ്ങൾ.

പഴയനിയമ കാനനിൽ ലിഖിതങ്ങൾ (കെത്തുബീം) എന്നറിയപ്പെടുന്ന ഗ്രന്ഥങ്ങളിൽ പ്രഥമസ്ഥാനത്ത്

തെഹില്ലിം (= സ്തുതിപ്പുകൾ) എന്നാണ് ഹീബ്രുകാനനിൽ ഈ പുസ്തകത്തിന്റെ പേര്. തെഫീല്ലോത്ത് (= അർത്ഥനകൾ) എന്നതാണ് (സങ്കീ 72:20).

## മിസ്മോർ

മിസ്മോർ എന്ന പദം 57 സങ്കീർത്തനങ്ങളിൽ തലവാചകമായി ഉപയോഗിച്ചിട്ടു ്. പൊതുവാരാധനയ്ക്കുവേ ി ഗാനനിയമങ്ങളനുസരിച്ച് (metric) വിരചിതമായ സ്തുതിപ്പുകളാണ് മിസ്മോർ. ഗ്രീക്കുഭാഷയിലേക്ക് സങ്കീർത്തനങ്ങൾ വിവർത്തനം ചെയ്യപ്പെട്ടപ്പോൾ മിസ്മോർ എന്ന പദം പ്സാൽമോസ് (psalmos) എന്നായി.

സങ്കീർത്തനപ്പുസ്തകത്തെ മുഴുവൻ സൂചിപ്പിക്കുവാനായി ഗ്രീക്കുഭാഷയിൽ പ്സാൾത്തേരിയോൻ (ഒരു വാദ്യോപകരണത്തിന്റെ പേര്) എന്ന പേരും ഉപയോഗിക്കുന്നു ്.

ലിഖിതരൂപത്തിലാകുന്നതിനുമുമ്പ് സങ്കീർത്തനങ്ങൾ വാചികമായി കൈമാറ്റം ചെയ്യപ്പെട്ടു പോന്നിരുന്നു. ഹീബ്രുഭാഷയിലാണ് സങ്കീർത്തനങ്ങളുടെ മൂലരൂപം. ഈ ഭാഷയിൽ നമുക്കുലഭിച്ചിട്ടുള്ള സമ്പൂർണ്ണ ലിഖിതരൂപം എ.ഡി. പത്താം നൂറ്റാ   ിലേതാണ്. എ.ഡി. 1008-ൽ പകർത്തിയെഴുതപ്പെട്ട ലെനിൻഗ്രാഡ് കോഡക്സ് അണ്

എ.ഡി. 392 ൽ വി. ജെറോം പരിഷ്ക്കരിച്ചതുമായ സങ്കീർത്തനപ്പുസ്തക (Gallican Psalter) ത്തിന്റെ കൈയെഴുത്തു പ്രതികളും നമുക്കു   ്.

## ആദ്യകാലവിവർത്തനങ്ങൾ

സപ്തതിയാണ് സങ്കീർത്തനങ്ങളുടെ ഏറ്റവും പുരാതനമായ വിവർത്തനം. ഇത് ബി.സി.മൂന്നാം നൂറ്റാ   ിന്റെ ആരംഭത്തിൽ ഈജിപ്തിലെ അലക്സാണ്ഡ്രിയായിൽ നിർവ്വഹിക്കപ്പെട്ടു എന്നതാണ് പാരമ്പര്യം.

## എണ്ണത്തെ സംബന്ധിച്ച്

സങ്കീർത്തനങ്ങളുടെ എണ്ണം കണക്കാക്കുമ്പോൾ ഹീബ്രു (മസ്സോറാ) ബൈബിളും ഗ്രീക്ക് (സപ്തതി)-ലാറ്റിൻ (വുൾഗാത്ത) തർജ്ജമകളും സുറിയാനി (പ്ശീത്താ) തർജ്ജമയും തമ്മിൽ വ്യത്യാസമു ് . ആദ്യത്തെ എട്ടും അവസാനത്തെ മൂന്നും സങ്കീർത്തനങ്ങൾ മാത്രമേ മൂന്നു വിഭാഗത്തിലും ഒരേ നമ്പരിൽ പ്രത്യക്ഷപ്പെടുന്നുള്ളൂ.

## വിഭജനം

സങ്കീർത്തന ഗ്രന്ഥത്തെ അഞ്ചുഭാഗങ്ങളായി (1-41; 42-72;73-89; 90-106; 107-150) തിരിക്കാറു ് .

മിദ്റാഷ് ഈ വിഭജനത്തെപ്പറ്റി ഇപ്രകാരം പറയുന്നു: മോശ ഇസ്രായേലിന് നിയമങ്ങളുടെ പഞ്ചഗ്രന്ഥി നൽകി. ദാവീദാകട്ടെ സങ്കീർത്തനങ്ങളുടെ പഞ്ചഗ്രന്ഥിയും.

ആരംഭവാക്യം സങ്കീ 1:1; 42:1; 73:1; 90:1; 107:1 എന്നിവയാണ്.

യാഹ്വിസ്റ്റിക് സമാഹാരം (സങ്കീ 141;90-150) എന്നും എലോഹിസ്റ്റിക് സമാഹാരം (സങ്കീ 42-89)

ദാവീദിന്റെ സമാഹാരം (1-41), കോറഹിന്റെ പുത്രന്മാരുടെ സമാഹാരം (42-49), ദാവീദിന്റെ പ്രാർത്ഥനകൾ (51-72), ആസാഫിന്റെ സമാഹാരം (50;73-83), യാഹ്വിസ്റ്റിക് അനുബന്ധം (84-89), യാഹ്വേ-രാജ സങ്കീർത്തനങ്ങൾ (93-99), ഹല്ലേലുയ്യാ സമാഹാരം (104-106, 111-118, 135-136, 146-150), ആരോഹണ ഗീതങ്ങൾ (120-134)

# ശീർഷകങ്ങൾ

മുപ്പത്തിനാലെണ്ണം ഒഴികെ, എല്ലാ സങ്കീർത്തനങ്ങൾക്കും ഒരു തലവാചകം ചേർത്തിട്ടു ്. ഈ തലവാചകങ്ങൾ സങ്കീർത്തനങ്ങളുടെ അനുപേക്ഷണീയ ഭാഗമല്ല, എങ്കിലും, മസോറാ ബൈബിൾ ഇവയെ ഒന്നാം വാക്യമായി കണക്കാക്കുന്നു.

***തലവാചകങ്ങളെ ആറു പൊതുഗണങ്ങളായി തിരിക്കാം.***

1) സാഹിത്യരൂപസൂചകങ്ങൾ, 2) സാങ്കേതികരാഗസൂചകങ്ങൾ,
3) ആരാധനാനുഷ്ഠാനസൂചകങ്ങൾ, 4) ഗാനരീതികൾ
5) കവിസൂചകങ്ങൾ, 6) ചരിത്രസംഭവസൂചകങ്ങൾ.

ഗാനരീതികൾ ഏഴെണ്ണമാണ് സങ്കീർത്തനത്തിൽ പരാമർശിച്ചിട്ടുള്ളത്.

# ഉദ്ഭവചരിത്രവും പാരമ്പര്യവും

- ✓ പലരും സങ്കീർത്തനങ്ങളെ ആരാധനാനുഷ്ഠാനപരമായ വൈദികകൃതി കളായും, വ്യക്തിഗതഗീതങ്ങളുടെ സമാഹാരമായും കണക്കാക്കുന്നു, പുരോഹിതന്മാരും ദൈവാലയ ഗായകരുമായിരിക്കാം അവ രചിച്ചത്.

- ✓ ദാവീദിന്റെ പേരിൽ 73 സങ്കീർത്തനങ്ങളാണുള്ളതെങ്കിലും ക്രൈസ്തവ പാരമ്പര്യം സങ്കീർത്തനഗ്രന്ഥമപ്പാടെ ദാവീദിന്റേതായി കരുതുന്നു. ഒരു അനാഥ കീർത്തനമായ 95-ാംസങ്കീർത്തനത്തെ ഹെബ്രാ 4:7 ൽ ദാവീദി ന്റേതായി പരാമർശിക്കുന്നതിൽനിന്ന് മേൽപറഞ്ഞ പ്രവണത ആദ്യനൂറ്റാ ുകൾ മുതൽതന്നെ ഉ ായിരുന്നുവെന്നു മനസ്സിലാക്കാം.

- ✓ മക്കബായക്കാരുടെ കാലഘട്ടംവരെ (ബി.സി. 170-140) ആ ചരിത്രം നീളു ന്നു. പിമ്പോട്ടുപോയാൽ അത് ഇസ്രായേലിന്റെ ചരിത്രം മുഴുവനും വ്യാപിച്ചുകിടക്കുന്നു.

# കാലനിർണ്ണയം

ബി.സി. 300ൽ സങ്കീർത്തനഗ്രന്ഥം നിർണ്ണയിക്കപ്പെടുന്നതുവരെയുള്ള 1000 വർഷക്കാലമെന്ന് പൊതുവേ ഒരു കാലഘട്ടം പലരും നിർദ്ദേശിക്കുന്നു.

ഇതേപ്പറ്റി ജെ.എൽ. മക്കൻസി പറയുന്നു. വ്യക്തിഗതഗീതങ്ങൾ സമൂഹപരമായി; സ്വകാര്യപ്രാർത്ഥനകൾ ആരാധനക്രമമായി, പ്രാദേശികാരാധനാഗീതങ്ങൾ ജറുസലേം ദൈവാലയഗീതങ്ങളായി; രാജസ്തുതികൾ രക്ഷകസ്തുതികളായി; ചരിത്രപരമായവ യുഗാന്ത്യോന്മുഖമായി (Dictionary of the Bible, 703).

1) സങ്കീർത്തനത്തിന് ഇസ്രായേലിന്റെ ചരിത്രവുമായുള്ള ബന്ധം. ഭാഷാ ശൈലി,

2) ഇസ്രായേലിന്റെ രക്ഷാകരചരിത്രസംഭവങ്ങളുടെ സൂചനകൾ പൂർവ്വ പിതാക്കന്മാരുടെ പാരമ്പര്യം, പുറപ്പാടുസംഭവം, സീനായ് വെളിപാട്, വാഗ്ദത്തഭൂമിയിൽ പ്രവേശം തുടങ്ങിയവ പുരാതനത്വ സൂചനകളാകാം.

3) ദാവീദിന്റെയും ജറുസലെം കേന്ദ്രമാക്കിയുള്ള ആരാധനാനുഷ്ഠാനങ്ങളുടെയും കാലഘട്ടത്തിൽ വിരചിതമായവയിൽ കാണുന്ന സാധാരണ പ്രമേയങ്ങളാണ്, വാഗ്ദാനപേടകം സീയോനിലേക്കു കൊ ുവരുന്നത് (132), സീയോനെ ദൈവം തിരഞ്ഞെടുക്കുന്നത് (46; 48; 76; 78; 68; 69), രാജ്യസ്ഥാപനം (89:45; 132:1112) തുടങ്ങിയവ.

4) വ്യക്തിഗതമായ പ്രാർത്ഥനകൾ മിക്കവാറും എല്ലാംതന്നെ വിപ്രവാസത്തിനു മുമ്പുള്ളവയാണ്. സമൂഹത്തിന്റെ പ്രാർത്ഥനകൾ

5) കാലനിർണ്ണയത്തിനുപകരിക്കുന്ന ഏതാനും ശൈലീപ്രയോഗങ്ങൾ

(a) മുപ്പതോളം സങ്കീർത്തനങ്ങളിൽ ഉപയോഗിച്ചിട്ടുള്ള അനവിം പ്രയോഗം. ഏശ 14:30–32 ലും സെഫാ 2:3; 3:12 ഇവയിലുമാണ് ഇത് വ്യക്തമായി കാണപ്പെടുന്നത്. ഈ കാലഘട്ടം ബി.സി. 740 മുതൽ 621 വരെ ഉൾക്കൊള്ളുന്നു.

(b) എട്ടു സങ്കീർത്തനങ്ങളിൽ പ്രത്യക്ഷപ്പെടുന്ന അവിടുത്തെ നാമത്തെ പ്രതി എന്ന പ്രയോഗം ജറെമിയ (14:7,21), എസെക്കിയേൽ (20:9,14), ര ാം ഏശയ്യ (48:9,11) എന്നിവർക്കു മുമ്പായിരിക്കാൻ വഴിയില്ല. ബി.സി. 5–4 നൂറ്റാ ുകളിലേതാണ് ഈ സങ്കീർത്തനങ്ങൾ എന്നാണ് പൊതുവിലുള്ള നിഗമനം (23;25;31;79;106;109;115;143).

(c) പഴയനിയമത്തിന്റെ ഇതരഭാഗങ്ങളിൽ പ്രത്യക്ഷപ്പെടുന്ന ചില സാഹിത്യരൂപങ്ങളും കാലഗണനയ്ക്ക് സഹായകമാണ്. നാഹും 1:2–11 ൽ കാണുന്ന അപൂർവ്വമായ അക്ഷരമാലാശ്ലോകം വിപ്രവാസത്തിനുമുമ്പ് ഈ സാഹിത്യരൂപം നിലവിലിരുന്നിരുന്നു എന്നു സൂചന നൽകുന്നു.

# സങ്കീർത്തന ഗ്രന്ഥത്തിന്റെ പൂർണ്ണരൂപം

ബി.സി. 100-ൽ എഴുതപ്പെട്ട മക്കബായക്കാരുടെ ഒന്നാം പുസ്തകത്തിൽ സങ്കീ, 79:2-3 ഉദ്ധരിച്ചിരിക്കുന്നത് (1 മക്ക 7:17) സങ്കീർത്തനപ്പുസ്തകത്തിന്റെ സാന്നിദ്ധ്യത്തെ അറിയിക്കുന്നു. 3) സിറാക്കിന്റെ പുസ്തകത്തിന്റെ പ്രാരംഭത്തിൽ പരാമർശിച്ചിട്ടുള്ള ലിഖിതങ്ങളിൽ സങ്കീർത്തന ഗ്രന്ഥവും ഉൾപ്പെട്ടിരുന്നിരിക്കണം. അങ്ങനെയെങ്കിൽ ബി.സി. 190 നു മുമ്പ് അതു പൂർണ്ണരൂപം പ്രാപിച്ചിരുന്നുവെന്ന് അനുമാനിക്കാം.

# സങ്കീർത്തനങ്ങളെക്കുറിച്ചുള്ള പഠനങ്ങൾ

അന്ത്യോക്യൻ സ്കൂളിൽപ്പെട്ട മൊപ്സ്വേസ്ത്യായിലെ തെയഡോർ (+428) ഭൂരിഭാഗം സങ്കീർത്തനങ്ങളെയും വിപ്രവാസകാലത്തേതായി കരുതി.

ജോൺ ക്രിസ്സോസ്തോം (+407), തെയഡോരെറ്റ് (+466) എന്നിവരാകട്ടെ ചില സങ്കീർത്തനങ്ങൾ രക്ഷകനെ സംബന്ധിച്ചവയാണെന്നു പറയുന്നു.

അലക്സാ ˘റിയൻ സ്കൂളിലെ പ്രമുഖർ ഒരിജൻ (+254), അത്തനാസിയൂസ് (+373), സിറിൾ, (+444) എന്നിവരാണ്. ഇവർ സങ്കീർത്തനങ്ങളുടെ വാച്യാർത്ഥവ്യാഖ്യാനം, ദൈവനിവേശിതമായ ആധ്യാത്മികവെളിച്ചത്തിന്റെ വിശകലനം സഭാത്മകവും സമൂഹപരവുമായ പ്രാർത്ഥനയുടെ സ്വഭാവം എന്നിവയിൽ കൂടുതൽ ശ്രദ്ധ ചെലുത്തി.

സങ്കീർത്തനങ്ങളുടെ രൂപവിമർശനാത്മകപഠന (form-critical study) ത്തിന്റെ പ്രണേതാക്കളായിവന്ന ഹെർമൻ ഗുങ്കൽ (1862–1932), സിഗ്മ ˘ മോവിങ്കൽ (1884–1965) എന്നിവർ സവിശേഷശ്രദ്ധ അർഹിക്കുന്നു.

ഗുങ്കലിന്റെ അഭിപ്രായത്തിൽ അഞ്ചു സാഹിത്യരൂപങ്ങളാണ് സങ്കീർത്തനങ്ങൾക്കുള്ളത്. സ്തുതികൾ, ജനത്തിന്റെ വിലാപങ്ങൾ, വ്യക്തിയുടെ വിലാപങ്ങൾ, വ്യക്തിയുടെ ഗീതങ്ങൾ, കൃതജ്ഞതാഗീതങ്ങൾ എന്നിവ. കൂടാതെ പ്രദക്ഷിണഗീതങ്ങൾ, തോറാഗീതങ്ങൾ, ആശിർവ്വാദകീർത്തനങ്ങൾ, രാജസ്തുതികൾ എന്നിവയും ഉ ്.

മോവിങ്കൽ പ്രതിപാദനരീതിയിൽ ഗുങ്കലിനെ അനുകരിച്ചെങ്കിലും ആരാധനാനുഷ്ഠാനപരമായ (cultic) സങ്കീർത്തനസന്ദർഭത്തിനു വലിയ പ്രാധാന്യം നൽകി. സ്വകാര്യസങ്കീർത്തനങ്ങളുടെ അസ്തിത്വംതന്നെ അദ്ദേഹം നിഷേധിക്കുന്നു.

മോവിങ്കൽ സങ്കീർത്തനങ്ങളെ ര ു വിഭാഗമായി തിരിച്ചു; പുതുവത്സരത്തിരു് നാളിനോടും യാഹ്വേയുടെ സിംഹാസനാരോഹണത്തോടും ബന്ധപ്പെടുത്തിയും ദുഷ്ടരുടെ പ്രവർത്തനങ്ങളോടു ബന്ധപ്പെടുത്തിയും.

ആരാധനാനുഷ്ഠാനത്തോടു ബന്ധപ്പെടാത്ത സങ്കീർത്തനങ്ങൾ (cult-free psalms) മോവിങ്കലിന്റെ വീക്ഷണത്തിൽ വിജ്ഞാനഗീതങ്ങളും ബോധനഗീതങ്ങളും മാത്രമാണ്.

# സങ്കീർത്തനങ്ങളുടെ സാഹിത്യവിഭാഗങ്ങൾ

**1. സ്തുതികൾ**

സ്തുതിയുടെ ഘടന:

- ദൈവത്തെ സ്തുതിക്കുവാൻ ആഹ്വാനം
- സ്തുതി – പൊതുവായ വിവരണങ്ങൾ
- ഉപസംഹാരം

**2. വിലാപങ്ങൾ**

- ജനത്തിന്റെ വിലാപം
- വ്യക്തിയുടെ വിലാപം

**3. പ്രത്യാശയുടെയും വിശ്വാസത്തിന്റെയും സങ്കീർത്തനങ്ങൾ**

**4. കൃതജ്ഞതാസങ്കീർത്തനങ്ങൾ**

**5. രാജകീയ – മെസയാനിക സങ്കീർത്തനങ്ങൾ**

**6. പ്രബോധന സങ്കീർത്തനങ്ങൾ**

# ഇസ്രായേലിന്റെ ദൈവം സങ്കീർത്തനങ്ങളിൽ

**കർത്താവ് (യാഹ്‌വേ): യാഹ്‌വേ ഇസ്രായേലിന്റെ ദൈവമാണ്.**
ഇസ്രായേലിനെ സംബന്ധിച്ചിടത്തോളം ഈ നാമം ദൈവത്തെക്കുറിച്ചുള്ള സകല വിജ്ഞാനവും ഗുണഗണങ്ങളും ഉൾക്കൊള്ളുന്നു. സീയോനിലുള്ള കർത്താവിന്റെ സാന്നിദ്ധ്യത്തെ നാമം സൂചിപ്പിക്കുന്നതായി മനസ്സിലാക്കാം.

- ✓ ദൈവം (ഏൽ, എലോഹ, എലോഹിം)
- ✓ അത്യുന്നതൻ (എല്യോൻ)
- ✓ രാജാവ് (മെലെക്)
- ✓ പരിശുദ്ധൻ (ഖാദോഷ്)
- ✓ നാഥൻ (അദോൻ)

**ദൈവനാമ വിശേഷണങ്ങൾ**

- ✓ പരിശുദ്ധി (ഖാദോഷ്)
- ✓ മഹത്വം (കാബോദ്)
- ✓ നീതി (സ്സെദെക് - സ്സ്ദാക്കാ)
- ✓ ന്യായം (മിഷ്പാത്ത്)
- ✓ കാരുണ്യം (ഹെസ്സെദ്)
- ✓ സത്യം-വിശ്വസ്തത (എമെത്ത്-എമൂനാ)
- ✓ ബലവും ശക്തിയും

**ദൈവത്തിന്റെ പ്രവൃത്തികൾ**

- ✓ സൃഷ്ടി
- ✓ പരിപാലന
- ✓ രക്ഷ

# ഇസ്രായേൽ - ദൈവജനം

1. **തിരഞ്ഞെടുക്കപ്പെട്ട ജനം**

   ഇസ്രായേലിന്റെ മതാത്മക ജീവിതം ദൈവികതിരഞ്ഞെടുപ്പിൽ അധിഷ്ഠിതമായിരുന്നു. തിരഞ്ഞെടുപ്പുവഴിയാണ് അവർ ദൈവജനമായത് (135-4).

   ഉടമ്പടിയിലധിഷ്ഠിതമാണ് ദൈവവും ഇസ്രായേലും തമ്മിലുള്ള ബന്ധം.

2. **ആരാധനാസമൂഹം**

   സഭ, മഹാസഭ എന്നെല്ലാമാണ് ഇസ്രായേലിനെ സങ്കീർത്തനത്തിൽ അവതരിപ്പിക്കുന്നത്

# ദൈവാലയവും ആരാധനയും

1. ദൈവാലയം

2. ജെറുസലെം – സീയോൻ

3. തീർത്ഥാടനം – ആരാധന

# ദൈവസന്നിധിയിൽ പ്രാർത്ഥിക്കുന്ന വ്യക്തി

## 1. വ്യക്തിയെ സൂചിപ്പിക്കുന്ന വാക്കുകൾ

പദപ്രയോഗത്തിൽ മനുഷ്യൻ (മർത്യൻ) ദൈവത്തെ എതിർത്തുനില്ക്കുന്നവ നാണെന്നാണ് സങ്കീർത്തനങ്ങൾ സൂചിപ്പിക്കുന്നത് (9:19-20; 56:1; 116:11; 118:6; 124:2; അപവാദം 32:2; 84:5; 12).

ശരീരം (ജഡം), ആത്മാവ് , ഹൃദയം , അരൂപി എന്നീ വാക്കുകൾ സാധാരണ ഉപയോഗിച്ചുകാണുന്നു. ഇവയോട് ബന്ധപ്പെടുത്തി ജീവൻ, ശക്തി, അസ്ഥി, അന്തരംഗം, ഉദരം, നയനം, ആയുസ്സ് തുടങ്ങിയ വാക്കുകളും ചുരുക്കമായി പ്രത്യക്ഷപ്പെടുന്നു ̈.

സകല ജീവജാലങ്ങളെയും (136,25) എല്ലാ മനുഷ്യരെയും (65:2; 145:21) ശരീരം എന്ന വാക്ക് പ്രഥമതഃ സൂചിപ്പിക്കുന്നു. എന്നാൽ, മനുഷ്യന്റെ ബലഹീനമായ സ്വഭാവസവിശേഷതയാണ് ഇതു കൂടുതൽ സന്ദർഭങ്ങളിലും അർത്ഥമാക്കുന്നത്.

ആത്മാവ് എന്ന വാക്ക് ബാഹ്യമായ ഒരുമനുഷ്യാവയവത്തെയും മനുഷ്യവ്യക്തിയുടെ ആന്തരികാവസ്ഥയെയും സൂചിപ്പിക്കുന്നതായിട്ട് സങ്കീർത്തനങ്ങളിൽ പ്രത്യക്ഷപ്പെടുന്നു.

മനുഷ്യന്റെ ചിന്തയുടെയും തീരുമാനങ്ങളുടെയും ഉറവിടം ഹൃദയമാണ് (10:6; 15:2; 20:4). സന്തോഷവും സമാധാനവും ഭയവും വേദനയും അവൻ അനുഭവിക്കുന്നതും അവിടെയാണ്.

ഹൃദയത്തോടു സമാന്തരമായി ഉപയോഗിച്ചു കാണുന്ന ഒരു വാക്കാണ് അരൂപി.

സങ്കീർത്തനങ്ങളുടെ സാഹിത്യരൂപനിർണ്ണയത്തിനുതന്നെ അടിസ്ഥാനമായി സ്വീകരിക്കാറുള്ളതാണ് ഞാൻ, ഞങ്ങൾ എന്നീ സർവ്വനാമങ്ങളുടെ പ്രയോഗം.

വ്യക്തിയുടെ ഗീതങ്ങളെന്നും സമൂഹത്തിന്റെ ഗീതങ്ങളെന്നും സങ്കീർത്തനങ്ങൾക്കു തരംതിരിവു കല്പിക്കാറു ്.

പ്രാർത്ഥിക്കുന്ന വ്യക്തി സമൂഹത്തെ പ്രതിനിധാനം ചെയ്യുന്നുവെന്ന സിദ്ധാന്തത്തിലൂന്നിയാണ് സങ്കീർത്തനങ്ങളെയെല്ലാംതന്നെ രാജകീയ ഗീതങ്ങളായി കാണുവാൻ ചിലർ പരിശ്രമിക്കുന്നത്.

## 2. വ്യക്തിയുടെ പ്രത്യേക പരിതഃസ്ഥിതികൾ

**ദൈവത്തോടുള്ള ബന്ധം സംബന്ധിച്ച്**

ദൈവവുമായി നല്ല ബന്ധം പുലർത്തുന്ന പരിതഃസ്ഥിതിയെ പരാമർശിക്കുമ്പോൾ ദൈവത്തിന്റെ ഗുണവിശേഷങ്ങളിൽ പങ്കുചേരുന്നവനായിട്ടാണ് വ്യക്തി തന്നെത്തന്നെ അവതരിപ്പിക്കുന്നത്.

നീതിമാൻ എന്ന സംജ്ഞ കൂടുതൽ പ്രാവശ്യം സ്വീകരിക്കുന്നതായി കാണാം.

സങ്കീർത്തനങ്ങളിൽ സുലഭമാണ്. ദാസൻ എന്നത് ദൈവത്തോടുള്ള വിധേയത്വത്തെയും ബന്ധത്തെയും സൂചിപ്പിക്കുന്നു.

മറ്റൊരു ഗണം സംജ്ഞകൾ ക്ലേശം അനുഭവിക്കുന്ന വ്യക്തി തന്റെ ആന്തരികാവസ്ഥ ദൈവസന്നിധിയിൽ വെളിപ്പെടുത്താനുപയോഗിക്കുന്നവയാണ്. പീഡിതൻ (9:18; 10:2,9; 14:6; 18:28...), ദരിദ്രൻ (40:17; 69:33; 70:5; 72:4; 86:1...) എന്നിവ ഇവയിൽ മുമ്പന്തിയിൽ കാണാം. ഹൃദയം തകർന്നവർ മനമുരുകിയവർ (34:18; 51:17; 147:3), മുറിവേറ്റവർ (69:26, 29) അവയും ഇതേ അവസ്ഥയെ സൂചിപ്പിക്കുന്നു.

## ക്ലേശങ്ങൾ സംബന്ധിച്ച്

ദൈവത്തിന്റെ അസാന്നിധ്യവും ശത്രുവിന്റെ ദ്രോഹവു മാണ് എല്ലായിടത്തും ക്ലേശകാരണമായി എടുത്തുകാണി ച്ചിട്ടുള്ളത്.

നിന്ദനം, ലജ്ജ, അപമാനം എന്നീ സ്ഥിതി വിശേഷങ്ങളി ലാണ് ക്ലേശങ്ങൾ സാധാരണ പ്രത്യക്ഷമാകുന്നത്.

ക്ലേശങ്ങളെ ശാരീരിക ശക്തികളുടെ തളർച്ചയായി സങ്കീർത്തനങ്ങൾ അവതരിപ്പിക്കുന്നു (31:10; 38:10; 71:9). വ്യക്തിക്ക് ദൈവവുമായുള്ള ബന്ധത്തിൽ സംഭവിച്ച തകർച്ചയാണ് അവയവങ്ങളുടെ ശക്തി ക്ഷയിച്ചു എന്നു പറയുമ്പോൾ അർത്ഥമാക്കുന്നത്.

## ശത്രുവിനെ സംബന്ധിച്ച്

വ്യക്തിയെ ദൈവത്തിൽനിന്ന് അകറ്റുന്നവനാണ് സങ്കീർത്തനങ്ങളിലെ ശത്രു.

ശത്രുവിനെ സൂചിപ്പിക്കുന്ന പ്രധാന സംജ്ഞകൾ ശത്രു, വിദ്വേഷകൻ, എതിരാളി, എന്നിവയാണ്. ശത്രു ഇസ്രായേലിന്റെ ശിക്ഷോപകരണമായാണ് സാധാരണ പ്രത്യക്ഷപ്പെടുക (ലേവ്യ26; നിയ28; ന്യായാ 2:14; ഏശ 10:5-19). ദൈവത്തെയും ദൈവഭക്തനെയും വെറുക്കുന്നവനാണ് വിദ്വേഷകൻ - മതാധിഷ്ഠിതമായ ഒരു വിദ്വേഷം തന്നെ. വിഗ്രഹാരാധകരായ വിജാതീയരും (ലേവ്യ 26:17; സങ്കീ 9:13; 25:19; 44:7; 118:7) മതമുപേക്ഷിച്ച ഇസ്രായേൽക്കാരും (പുറ 20:5; നിയ 7:10) ഇക്കൂട്ടത്തിൽപെടും.

വ്യക്തിയെ ദൈവത്തിൽനിന്നകറ്റുന്ന ഏറ്റവും വലിയ ശത്രുവായി സങ്കീർത്തകൻ അവതരിപ്പിക്കുന്നത് മരണത്തെയാണ്. മരണം ദൈവത്തിൽനിന്നുള്ള വേർപിരിയലും പാതാളത്തിലേക്കുള്ള ഗമനവുമാണെന്ന് അവൻ വിശ്വസിച്ചിരുന്നു.

പിന്തുടരുക, കീഴടക്കുക, നശിപ്പിക്കുക ഇവ മൂന്നുമാണ് ശത്രുവിന്റെ പ്രവൃത്തികളായി സങ്കീർത്തകൻ പറയുന്നത്.

# പ്രാർത്ഥനയെ സംബന്ധിച്ച്

പ്രാർത്ഥനയിൽ സങ്കീർത്തകൻ പ്രധാന
മായും ലക്ഷ്യം വയ്ക്കുന്നത് ദൈവവുമാ
യുള്ള ഐക്യം, ക്ലേശങ്ങളിൽനിന്നുള്ള
മുക്തി, ശത്രുവിന്റെ നാശം എന്നിവയാണ്.

# സങ്കീർത്തനം 1: ര ുവഴികൾ

1. വൃക്ഷം പോലെയുള്ള നീതിമാൻ

2. പതിരുപോലെയുള്ള ദുഷ്ടൻ

ഏറ്റ്സ് എന്നാണ് വൃക്ഷത്തിനു പ്രയോഗിച്ചിരിക്കുന്ന ഹീബ്രു പദമെങ്കിൽ മോറ്റ്സ് എന്നതാണ് പതിരുപദം.

# സങ്കീർത്തനം 23: രാജാവില്ലാക്കാലത്തൊരു ഇടയസ്വപ്നം

തികച്ചും സ്വകാര്യ-ഗാർഹികപശ്ചാത്തലമാണ് ഇതിന്റേത് എന്ന ഗർസ്റ്റെൺബെർഗറുടെ അഭിപ്രായത്തിനു സമാന്തരമായി ദേവാലയത്തിലെ രാജകീയപ്രാർത്ഥനയാണിതെന്ന അഭിപ്രായവും (മെറിൽ, ഈറ്റൻ, ക്രാവുസ് തുടങ്ങിയവർ) ദാവീദുതന്നെ എഴുതിയതാണെന്ന ഹോളോഡെയുടെ അഭിപ്രായവും അവയിൽ ചിലതു മാത്രം. ബാബിലോൺപ്രവാസത്തിനുശേഷം രാജാവില്ലാത്ത കാലത്ത് വിരചിതമായ ഒന്നായിരിക്കാം ഇത് എന്ന അഭിപ്രായമാണ് സങ്കീർത്തനസപര്യക്കാരനുള്ളത്.

**ഘടന:**

1. കർത്താവ് ഇടയൻ (വാ.1)
2. ഇടയന്റെ പരിപാലനം (വാ.2-6a)
3. ഇടയന്റെ ആല (വാ. 6b)

**നിറവു നല്കുന്ന ഇടയൻ (വാ.1): ഇടയൻ (റോഏ)**

അദൊണായ് റോഈ ലോ എഹ്സാർ

ശത്രുക്കൾക്കു മുമ്പിൽവച്ചു ബഹുമാനിതനാവുക എന്ന ചിന്താഗതി ആ.ഇ. 14-ാം നൂറ്റാ ിലെ അമർണാലേഖനങ്ങളിലും പ്രകടമാണ്. തനിക്കായി ദൈവം ചെയ്യുന്ന വൻകാര്യങ്ങൾ ക ് ശത്രുക്കൾ ലജ്ജിക്കുന്നു എന്നു വ്യംഗം.

**ക്രിസ്തുവും 23-ാം സങ്കീർത്തനവും: ഞാൻ നല്ല ഇടയനാകുന്നു എന്നു പ്രസ്താവിച്ചുകൊ ് ക്രിസ്തു 23-ാം സങ്കീർത്തനത്തിലെ ഇടയന്റെ സ്ഥാനം സ്വയം ഏറ്റെടുത്തു (യോഹ 10; 1പത്രോ 2:25; 5:4).**